# പോസ്റ്റ് മാമൻ

● അമ്പലപ്പുഴ രാജഗോപാൽ

പുഴയും തോടും കുറുകെ നട-
ന്നിടവഴി താണ്ടും പോസ്റ്റ് മാമൻ
ക്ഷീണം മാറ്റാതാരേയും
കാണാനെത്തും പോസ്റ്റ് മാമൻ

കത്തുകൾ, മണിയോർഡറുകൾ
പിന്നെത്തും കുശല പ്രശ്നങ്ങൾ
എന്തൊരു സൗഹൃദമെന്നാളും
എങ്ങും ചെല്ലും പോസ്റ്റ് മാമൻ



വെയിലും മഴയും വകവെയ്ക്കാ-
തരികത്തെത്തും പോസ്റ്റ് മാമൻ
പുഞ്ചിരിതൂകി നടന്നീടും
സഞ്ചിയുമായി പോസ്റ്റ് മാമൻ!

▸▸ ചരിത്ര രേഖകളിൽ ഹെർക്വില എന്നറിയപ്പെടുന്ന സ്ഥലം– കാസർഗോഡ്